©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE

# കേരള ഗസററ്

## EXTRAORDINARY

അസാധാരണം

## PUBLISHED BY AUTHORITY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. II<br>വാല്യം 2 | Thiruvananthapuram, Friday<br>തിരുവനന്തപുരം, വെള്ളി | 26th April 2013<br>2013 ഏപ്രിൽ 26<br>6th Vaisakha 1935<br>1935 വൈശാഖം 6 | No.<br>നമ്പർ 1170 |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 24831/ലെഗ്. സി.1/2012/നിയമം. *തിരുവനന്തപുരം, 2013 ഏപ്രിൽ 26 / 1935 വൈശാഖം 6.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2013 ഏപ്രിൽ 25-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. പത്മാകരൻ,

*നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.

33/1951/2013/DTP.

2013-ലെ 23-ാം ആക്റ്റ്

# 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ 2-ാം വകുപ്പ് 2010 നവംബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വകുപ്പുകൾ 2012 നവംബർ 25-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. 35-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 35-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ (പി) ഖണ്ഡത്തിൽ, "രണ്ടു തവണ" എന്ന വാക്കുകൾക്കു പകരം "മൂന്നു തവണ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 203-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 203-ാം വകുപ്പിൽ,—

(എ) (4)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

(4) (2)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധികൾക്കും, അവയ്ക്ക് വിധേയമായി (3)-ാം ഉപവകുപ്പുപ്രകാരം ഗ്രാമപഞ്ചായത്ത് ഒരിക്കൽ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്കും, അവ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ അഞ്ചുവർഷക്കാലയളവിലേക്ക് പ്രാബല്യമുണ്ടായിരിക്കുന്നതും, തുടർന്ന് ഓരോ അഞ്ചുവർഷക്കാലയളവും പൂർത്തിയാകുന്ന മുറയ്ക്ക് അടുത്ത അഞ്ചു വർഷക്കാലയളവിലേക്ക് പ്രാബല്യത്തിൽ വരത്തക്കവിധം അടിസ്ഥാന വസ്തു നികുതി

നിരക്കുകൾ യഥാക്രമം സർക്കാരും ഗ്രാമപഞ്ചായത്തും നിലവിലുള്ള പരിധികളുടെയും നിരക്കുകളുടെയും മേൽ ഓരോ വർഷവും അഞ്ച് ശതമാനം എന്ന നിരക്കിൽ വർദ്ധനവ് വരുത്തി അപ്രകാരം അഞ്ച് വർഷക്കാലയളവ് പൂർത്തിയാകുമ്പോൾ ഇരുപത്തിയഞ്ച് ശതമാനം വർദ്ധനവ് വരുന്ന വിധത്തിൽ പുതുക്കി നിശ്ചയിക്കേണ്ടതാണ്. മേൽ പ്രസ്താവിച്ച പ്രകാരം നിരക്ക് പുതുക്കി നിശ്ചയിക്കുന്നതനുസരിച്ച് നികുതി നിർണ്ണയം നടത്തുമ്പോൾ,—

(എ) പുതിയതും പുതുക്കിപ്പണിതതും ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ സെക്രട്ടറി, നിർണ്ണയിക്കപ്പെട്ട പ്രകാരം നികുതി നിശ്ചയിക്കേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്;

(ബി) ഖണ്ഡം (എ)യിൽ പറഞ്ഞ വിഭാഗത്തിൽപ്പെടാത്തതും, തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ വാർഷിക വസ്തു നികുതി നിശ്ചയിച്ചതുമായ കെട്ടിടത്തിന്റെ കാര്യത്തിൽ, തുടർന്നു വരുന്ന അഞ്ചുവർഷകാലയളവിലേയ്ക്കുള്ള വാർഷിക വസ്തുനികുതി പുതുക്കി നിശ്ചയിക്കലിനായി നിലവിലുള്ള വാർഷിക വസ്തുനികുതിയോടൊപ്പം ഇരുപത്തിയഞ്ച് ശതമാനം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്ത് നികുതി പുതുക്കി നിശ്ചയിക്കേണ്ടതും അതനുസരിച്ച് അടുത്ത അഞ്ച് വർഷത്തേക്കുള്ള ഡിമാന്റ് നോട്ടീസ് സെക്രട്ടറി കെട്ടിട ഉടമയ്ക്ക് നൽകേണ്ടതുമാകുന്നു:

എന്നാൽ, ഇപ്രകാരമുള്ള വാർഷിക വസ്തുനികുതി പുതുക്കി നിശ്ചയിക്കുമ്പോൾ (7)-ാം ഉപവകുപ്പ് പ്രകാരമുള്ള ഇളവുകളോ വർദ്ധനവുകളോ ബാധകമായിരിക്കുന്നതല്ല.'';

(ബി) (7)-ാം ഉപവകുപ്പിൽ, (iii), (vii), (ix) എന്നീ ഇനങ്ങൾ വിട്ടുകളയേണ്ടതാണ് ;

(സി) (9)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ, ''കെട്ടിടത്തിന്റെ ചുമരിന്റെ നിർമ്മിതി'' എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ് ;

(ഡി) (10)-ാം ഉപവകുപ്പിൽ, ''അറുപത് ദിവസത്തിനുള്ളിൽ'' എന്ന വാക്കുകൾക്കുപകരം ''മുപ്പത് ദിവസത്തിനുള്ളിൽ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഇ) (12)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(എഫ്) (14)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(ജി) (19)-ാം ഉപവകുപ്പിൽ,—

(i) (ii)-ാം ഇനത്തിനുപകരം താഴെ പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

''(ii) വാർഷിക വസ്തു നികുതിയുടെ വർദ്ധനവിന്റെ ഏറ്റവും കുറഞ്ഞ പരിധിയും ഏറ്റവും കൂടിയ പരിധിയും നിശ്ചയിക്കൽ;'';

(ii) (vi)-ാം ഇനം വിട്ടുകളയേണ്ടതാണ്.

4. 207-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 207-ാം വകുപ്പിൽ, (ബി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

''(ബിഎ) സർക്കാരിന്റെ അംഗീകാരം ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കൻഡറിതലം വരെയുള്ളതുമായ, വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും, അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും;''.

5. 232-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 232-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

''(2) 1077-ലെ അബ്കാരി ആക്റ്റിലോ (1077-ലെ 1) തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമായ മുൻ അനുവാദത്തോടെയും, അനുവാദത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായും അല്ലാതെ, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ യാതൊരാളും ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കുവാൻ പാടുള്ളതല്ല.

(3) വിദ്യാഭ്യാസ സ്ഥാപനത്തിന്റെയോ ആരാധനാസ്ഥലത്തിന്റെയോ അടുത്ത് ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കുന്നതിന് അനുവാദം നൽകുമ്പോൾ തൽസമയം പ്രാബല്യത്തിലുള്ള അബ്കാരി ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ നിർണ്ണയിച്ചിട്ടുള്ള ദൂരപരിധി പാലിക്കേണ്ടതും പ്രസ്തുത ദൂരപരിധിക്കുള്ളിൽ ഒരു അബ്കാരിഷാപ്പ് സ്ഥാപിക്കുവാൻ ഗ്രാമപഞ്ചായത്ത് അനുവാദം നൽകാൻ പാടില്ലാത്തതും ആകുന്നു.

(4) പൊതുസമാധാനത്തിന്റെയോ സൻമാർഗ്ഗത്തിന്റെയോ താൽപ്പര്യത്തിലോ സൗകര്യമോ ശല്യമോ കാരണമായോ ഒരു അബ്കാരി ഷാപ്പ്, അത് സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും ഇതിനായി നിർദ്ദേശിക്കാവുന്ന പതിനഞ്ച് ദിവസത്തിൽ കവിയാത്ത സമയപരിധിക്കുള്ളിൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റുവാനോ അല്ലെങ്കിൽ അടയ്ക്കുവാനോ ഉത്തരവ് നൽകുവാൻ ഒരു ഗ്രാമപഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(5) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (2) മുതൽ (4) വരെയുള്ള ഉപവകുപ്പുകളിലെ വ്യവസ്ഥകൾ 2012-ലെ കേരള പഞ്ചായത്ത് രാജ് (നാലാം ഭേദഗതി) ഓർഡിനൻസ് (2012-ലെ 63) പ്രാബല്യത്തിൽ വന്ന 2012 നവംബർ 25-ാം തീയതി നിലവിലുള്ള യാതൊരു അബ്കാരി ഷാപ്പിനോ, നിലവിലുള്ള എല്ലാ നിയമ വ്യവസ്ഥകൾക്കും വിധേയമായി പ്രസ്തുത തീയതിയിൽ നിലവിലുള്ള കള്ളുഷാപ്പുകൾ അവ സ്ഥാപിക്കുവാനായി അനുവദിച്ചിട്ടുള്ള അതിരുകൾക്കുള്ളിലുള്ള പ്രദേശത്ത് മാറ്റി സ്ഥാപിക്കുന്നതിനോ ബാധകമായിരിക്കുന്നതല്ല.

വിശദീകരണം:—''അബ്കാരിഷാപ്പ്'' എന്നാൽ 1077-ലെ അബ്കാരി ആക്റ്റും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും പ്രകാരമുള്ള ഒരു കള്ളുഷാപ്പോ, ഒരു വിദേശമദ്യഷാപ്പോ, ഒരു വിദേശമദ്യ ചില്ലറ വിൽപ്പനസ്ഥാപനമോ, FL-9 ലൈസൻസുള്ള ഒരു സ്ഥാപനമോ അല്ലെങ്കിൽ ഒരു ബാർ ഹോട്ടലോ എന്നർത്ഥമാകുന്നു.''.

6. 279-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ:—പ്രധാന ആക്റ്റിലെ 279-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''279എ. ലൈസൻസ് കൂടാതെ പുറമ്പോക്ക് കൈവശപ്പെടുത്തൽ.—(1) പഞ്ചായത്തിന്റെ വകയായതോ അതിൽ നിക്ഷിപ്തമായതോ അതിന്റെ നിയന്ത്രണത്തിലുള്ളതോ ആയ ഏതെങ്കിലും ഭൂമി, അതിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ ആരെങ്കിലും കൈവശം വയ്ക്കുകയാണെങ്കിൽ, അങ്ങനെ കൈവശം വച്ചത് സംബന്ധിച്ച് അതാതുകാലങ്ങളിൽ പിഴ എന്ന നിലയിൽ പഞ്ചായത്ത് ആവശ്യപ്പെടുന്ന ഒരു തുക, നിർണ്ണയിക്കപ്പെടാവുന്ന പരിധികൾക്ക് വിധേയമായി, കൊടുക്കുവാൻ അങ്ങനെ ഭൂമി കൈവശം വച്ചിട്ടുള്ള ആൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പ് പ്രകാരം ഒരാളോട് ഏതെങ്കിലും തുക ആവശ്യപ്പെടുന്നതിനുമുമ്പ്, അങ്ങനെ ആവശ്യപ്പെടുന്നതിനെതിരെ കാരണം ബോധിപ്പിക്കുവാൻ അയാൾക്ക് ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഏതെങ്കിലും തുക കൊടുക്കുവാൻ ഒരാൾ വീഴ്ച വരുത്തുന്നപക്ഷം, സെക്രട്ടറിയുടെ അപേക്ഷയിന്മേൽ, പഞ്ചായത്ത് പ്രദേശത്തിനുമേൽ അധികാരിതയുള്ള മജിസ്ട്രേട്ടിന് ആ തുക കോടതി ചുമത്തിയ ഒരു പിഴ എന്നതുപോലെ അതേ വിധത്തിൽ വസൂലാക്കാവുന്നതാണ്.

(3) (എ) ഏതെങ്കിലും ഭൂമി അനധികൃതമായി കൈവശം വയ്ക്കുകയും, അങ്ങനെ കൈവശം വച്ചത് സംബന്ധിച്ച് (1)-ാം ഉപവകുപ്പ് പ്രകാരം പിഴ കൊടുക്കാൻ ബാദ്ധ്യസ്ഥനായിരിക്കുകയും ചെയ്യുന്ന ഏതൊരാളെയും സെക്രട്ടറിക്ക് കൈയോടെ ഒഴിപ്പിക്കാവുന്നതും, ആ ഭൂമിയിൽ കൃഷി ചെയ്ത ഏതെങ്കിലും വിളയോ, മറ്റുൽപ്പന്നമോ കണ്ടുകെട്ടലിന് വിധേയമാകുന്നതും അതിൽ ഉണ്ടാക്കിയ ഏതെങ്കിലും കെട്ടിടമോ, എടുപ്പോ അഥവാ നിക്ഷേപിക്കപ്പെട്ട ഏതെങ്കിലും സാധനമോ ന്യായമെന്ന് സെക്രട്ടറി കരുതുന്ന രേഖാമൂലമായ നോട്ടീസ് നൽകിയശേഷവും അയാൾ നീക്കം ചെയ്യാത്തപക്ഷം കണ്ടുകെട്ടലിന് വിധേയമാകുന്നതും അപ്രകാരം കണ്ടുകെട്ടിയ ഏതൊരു വസ്തുവും പഞ്ചായത്ത് നിർദ്ദേശിക്കാവുന്ന നടപടിക്രമമനുസരിച്ച് കയ്യൊഴിയേണ്ടതുമാണ്.

(ബി) ഏതെങ്കിലും ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്ന ആൾക്കോ അയാളുടെ ഏജന്റിനോ നോട്ടീസ് ലഭിച്ചശേഷം, ന്യായമെന്ന് സെക്രട്ടറി കരുതുന്ന സമയത്തിനുള്ളിൽ ഭൂമി ഒഴിഞ്ഞുകൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു നോട്ടീസ് അയയ്ക്കുകയും, അങ്ങനെയുള്ള നോട്ടീസ് അനുസരിച്ച് അയാൾ

പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നപക്ഷം, അത് ഒഴിഞ്ഞുകൊടുക്കുവാൻ വിസമ്മതിക്കുന്ന ഏത് ആളെയും നീക്കം ചെയ്യുകയോ അല്ലെങ്കിൽ നീക്കം ചെയ്യുവാൻ ഒരു കീഴുദ്യോഗസ്ഥനെ നിയോഗിക്കുകയോ ചെയ്യേണ്ടതും അങ്ങനെയുള്ള ഏതൊരാളെയും നീക്കം ചെയ്യുന്ന ഉദ്യോഗസ്ഥനെ ആരെങ്കിലും എതിർക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുകയാണെങ്കിൽ, സെക്രട്ടറിക്ക് ആ വസ്തുത കളക്ടർക്ക് റിപ്പോർട്ട് ചെയ്യാവുന്നതും, അങ്ങനെ ചെയ്താൽ കളക്ടർ ആ കേസ് സംബന്ധിച്ച് സമ്മറി എൻക്വയറി നടത്തേണ്ടതും എതിർപ്പോ, തടസ്സമോ തുടർന്നുകൊണ്ടിരിക്കുകയാണെന്ന് ബോധ്യമാകുന്നപക്ഷം, പ്രസ്തുത ആളെ അറസ്റ്റ് ചെയ്യുവാൻ ഒരു വാറണ്ട് പുറപ്പെടുവിക്കാവുന്നതും, അയാൾ ഹാജരാകുമ്പോൾ നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലുള്ള ഒരു വാറണ്ടോടുകൂടി അയാളെ, അങ്ങനെയുള്ള തടസ്സമോ, എതിർപ്പോ തുടരുന്നത് തടയുവാൻ ആവശ്യമായേക്കാവുന്നതും മുപ്പതു ദിവസത്തിൽ കവിയാത്തതുമായ കാലത്തേക്ക് തടവുശിക്ഷയ്ക്കായി സിവിൽ ജയിലിൽ അയയ്ക്കാവുന്നതുമാണ്:

എന്നാൽ, ഈ വകുപ്പ് പ്രകാരം അങ്ങനെ തടവുശിക്ഷയ്ക്ക് അയയ്ക്കപ്പെടുന്ന യാതൊരാളെയും അതേ വസ്തുതകൾ സംബന്ധിച്ച് 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 183, 186, 188 എന്നീ വകുപ്പുകൾ പ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയനാക്കുവാൻ പാടില്ലാത്തതാണ്.''.

7. <u>റദ്ദാക്കലും ഒഴിവാക്കലും.</u>—(1) 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസും (2013-ലെ 24), ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

# GOVERNMENT OF KERALA

## **Law (Legislation-C) Department**

NOTIFICATION

No. 24831/Leg.C1/2012/Law. *Dated, Thiruvananthapuram,* *26th April, 2013* / *6th Vaisakha, 1935.*

In pursuance of clause (3) of article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Panchayat Raj (Amendment) Act, 2013 (23 of 2013).

By order of the Governor,

C. K. PADMAKARAN,
*Special Secretary (Law).*

[Translation in English of "2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

## ACT 23 OF 2013

## THE KERALA PANCHAYAT RAJ (AMENDMENT) ACT, 2013

*An Act further to amend the Kerala Panchayat Raj Act, 1994.*

*Preamble.*—WHEREAS, it is expedient further to amend the Kerala Panchayat Raj Act, 1994 for the purposes hereinafter appearing;

BE it enacted in the Sixty-fourth Year of the Republic of India, as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Panchayat Raj (Amendment) Act, 2013.

(2) Section 2 of this Act shall be deemed to have come into force on the 1st day of November, 2010 and the remaining sections shall be deemed to have come into force on the 25th day of November, 2012.

2. *Amendment of section 35.*—In the Kerala Panchayat Raj Act, 1994 (13 of 1994) (hereinafter referred to as the principal Act), in clause (p) of sub-section (1) of section 35, for the word "twice", the word "thrice" shall be substituted.

3. *Amendment of section 203.*—In section 203 of the principal Act,—

(a) for sub-section (4), the following sub-section shall be substituted, namely:—

"(4) The limits of rates of basic property tax fixed by the Government under sub-section (2) and the rates of basic property tax once determined by the Village Panchayat subject thereto under sub-section (3) shall be in force for five years from the date on which they come into force and thereafter on completion of every five years, the Government and the Village Panchayat, respectively, shall revise the rates of basic property tax by making an enhancement at the rate of five per cent on the existing limites and rates in each year in such a manner as to have an enhancement of twenty five per cent by the completion of the period of every five years, so as to be in force for the next five years. While assessing the tax in accordance with the revised rate of tax as stated above,—

(a) in the case of buildings which are new, reconstructed and altered in usage, the Secretary shall fix the tax as prescribed and take further action;

(b) in the case of building which does not belong to the category stated in clause (a) and the annual property tax of which is fixed once based on the plinth area, for the purpose of revising the annual property tax for the succeeding five year period, the Village Panchayat shall revise the tax by making an enhancement of twenty five per cent along with the existing annual property tax and accordingly the Secretary shall give demand notice for the next five years to the owner of the building:

Provided that while revising such annual property tax, no deduction or addition under sub-section (7) shall be applicable.";

(b) in sub-section (7), items (iii), (vii) and (ix) shall be omitted;

(c) in the proviso to sub-section (9), the words "the construction of wall of the building" shall be omitted;

(d) in sub-section (10), for the words "within sixty days", the words "within thirty days" shall be substituted;

(e) sub-section (12) shall be omitted;

(f) sub-section (14) shall be omitted;

(g) in sub-section (19),—

(i) for item (ii), the following item shall be substituted, namely:—

"(ii) Fixing of the minimum limit and the maximum limit of enhancement of annual property tax;".

(ii) item (vi) shall be omitted.

4. *Amendment of section 207.*—In section 207 of the principal Act, after clause (b), the following clause shall be inserted, namely:—

"(ba) buildings exclusively used for educational purposes under the ownership of educational institutions having the recognition of the Government and up to the level of Higher Secondary and hostel buildings in which the students of such institutions reside;".

5. *Amendment to section* 232.— In section 232 of the principal Act, after sub-section (1), the following sub-sections shall be inserted, namely:—

"(2) Notwithstanding anything contained in the Abkari Act, 1077 (1 of 1077) or in any other law for the time being in force, no person shall, without previous permission in writing of a Village Panchayat and otherwise than in accordance with the conditions specified in the permission, establish an Abkari shop within a Village Panchayat area;

(3) While granting permission to establish an Abkari shop near an educational institution or place of worship, the distance limit prescribed in the Abkari Act for the time being in force or the rules framed thereunder shall be complied with and the Village Panchayat shall not grant permission to establish an Abkari shop within the said distance limit.

(4) A Village Panchayat shall be competent, in the interest of public peace or morality or on the grounds of convenience or nuisance, to order the shifting of an Abkari shop from the place where it is situated to another or its closing within a period not exceeding fifteen days, as may be directed in this behalf.

(5) Notwithstanding anything contained in this section, the provisions of sub-sections (2) to (4) shall not be applicable to any Abkari shop existing on 25th November, 2012, the date of commencement of the Kerala Panchayat Raj (Fourth Amendment) Ordinance, 2012 (63 of 2012) or, subject to all existing legal provisions, for re-establishing the toddy shops existing on the said date, in the area within the boundaries allotted for establishing them.

*Explanation:*— "Abkari shop" means a toddy shop or a foreign liquor shop or a foreign liquor retail shop or an establishment having FL-9 licence or a bar hotel, under the Abkari Act, 1077 and the rules made thereunder.".

6. *Insertion of new section after section 279.*— After section 279 of the principal Act, the following section shall be inserted, namely:—

"279A. *Taking possession of poramboke without licence.*—(1) Where any person, without the previous permission of a Panchayat, possesses any land belonging to or vested in it or under its control, the person so possessing the land shall be liable to pay in respect of such possession an amount by way of fine as may be demanded by the Panchayat from time to time, subject to such limits as may be prescribed:

Provided that before demanding any amount from a person under this sub-section, the Panchayat shall give him an opportunity to show cause against such demand.

(2) Where a person makes default in payment of any amount under sub-section (1), the Magistrate having jurisdiction over the area of the Panchayat may, on application by the Secretary, recover that amount in the same manner as if it is a fine imposed by the Court.

(3) (a) Any person unauthorisedly possessing any land for which he is bound to pay a fine under sub-section (1) in respect of such possession, may be summarily evicted by the Secretary and any crops or other product cultivated in the land shall be subjected to forfeiture and any building or structure erected therein or anything deposited thereon shall also, if not removed by him after such written notice as the Secretary deems to be reasonable, be subjected to forfeiture and any property so forfeited shall be disposed of by the Secretary in accordance with such procedure as the Panchayat may direct.

(b) A notice shall be served to a person who is in possession of any land unauthorisedly or his agent, requiring him to vacate the land within such time as the Secretary may deem reasonable after receipt of the notice and if such notice is not obeyed, any person who may refuse to vacate shall be removed or a subordinate officer shall be deputed to remove him and if the officer removing any such person is resisted or obstructed by any person, the Secretary may report the fact to the Collector and thereupon the Collector shall hold a summary enquiry into the case and if satisfied that the resistance or obstruction still continues, may issue a warrant for the arrest of the said person and, on his appearance may send him, with a warrant, in such form as may be prescribed, for imprisonment in the civil jail for such period, not exceeding thirty days as may be necessary to prevent the continuance of such obstruction or resistance:

Provided that no person so committed for imprisonment under this section shall be liable to be prosecuted under sections 183, 186 and 188 of the Indian Penal Code, 1860 (Central Act 45 of 1860) in respect of the same facts.

7. *Repeal and saving.*— (1) The Kerala Panchayat Raj (Amendment) Ordinance, 2013 (24 of 2013) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act as amended by this Act.